ജി(2)36605/2012 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 3.7.2014

E-mail-keralarcs.coop@.kerala.gov.in

Website: www.cooperation.kerala.gov.in

Tel. No. 0471-2330726

**സർക്കുലർ നമ്പർ 32/2014**

വിഷയം: എ.പി.വർക്കി മിഷൻ– എറണാകുളം ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന അനുവാദം പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്

സൂചന: 1. എ.പി. വർക്കി മിഷൻ ചെയർമാന്റെ 24.10.2013 ലെ കത്ത്.
2. 5.6.14 ലെ 14924/പി.എസ്1/2014/സഹ. നമ്പർ കത്ത്

പൊതു പ്രവർത്തകനായി അനേകവർഷം സേവനമനുഷ്ഠിച്ച ശ്രീ.എ.പി.വർക്കിയുടെ ഓർമ്മക്കായി രൂപീകരിച്ച എ.പി.വർക്കി മിഷൻ എറണാകുളം ജില്ലയിൽ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ ആരക്കുന്നത്ത് 27 ഏക്കർ സ്ഥലത്ത് 2003 ൽ എ.പി വർക്കി മിഷൻ ആശുപത്രിയും തുടർന്ന് പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റും സാംസ്കാരിക പഠനകേന്ദ്രവും സ്കൂൾ ഓഫ് നഴ്സിംഗും ആരംഭിച്ചിട്ടുള്ളതായി മിഷൻ ചെയർമാൻ അറിയിച്ചിട്ടുണ്ട്. ആശുപത്രിയുടെ വികസനം അനിവാര്യമായിരിക്കുന്നതിനാൽ ഇതിനാവശ്യമായ സംഭാവനകളും സ്പോൺസർഷിപ്പുകളും നൽകുന്നതിനും വർക്കി മിഷനിൽ ഓഹരിയെടുക്കുന്നതിനും എറണാകുളം ജില്ലയിലെ സഹകരണ സംഘങ്ങളെ അനുവദിച്ച് ഉത്തരവാകണമെന്ന് കത്തിൽ ചെയർമാൻ അപേക്ഷിക്കുകയും സൂചന(2) ലെ കത്ത് പ്രകാരം ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന എറണാകുളം ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ അതാതു സംഘങ്ങളുടെ ബൈലാ വ്യവസ്ഥകൾക്ക് അനുസൃതമായി എ.പി.വർക്കി മിഷന്റെ ഓഹരിയെടുക്കുന്നതിനും സ്പോൺസർഷിപ്പ് നൽകുന്നതിനും ജനറൽ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അപേക്ഷിക്കുന്ന മുറയ്ക്ക് ആയതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കാവുന്നതാണെന്നറിയിക്കുന്നു.

**ഒപ്പ്**
**എസ്.ലളിതാംബിക, ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

**പകർപ്പ്:**
1. ജോയിന്റ് രജിസ്ട്രാർ(ജനറൽ) എറണാകുളം
2. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എറണാകുളം
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
5. ചെയർമാൻ എ.പി.വർക്കി മിഷൻ,
മാരുതി, സി.എസ്.റോഡ്, കൊച്ചി–682011